# കേരളത്തിലെ കത്തോലിക്കാസഭയിൽ വിവാഹാർശീർവാദത്തെയും വിവാഹാഘോഷത്തെയും സംബന്ധിച്ച നടപടികളിൽ ഐക്യമുണ്ടാകാൻ കെ.സി.ബി.സി. നല്കുന്ന നിർദ്ദേശങ്ങൾ

**1) അവിവാഹിതാവസ്ഥ സംബന്ധിച്ച സാക്ഷ്യപത്രം:** 1.1. ആറു മാസത്തിലേറെക്കാലം ഇടവകയ്ക്ക് വെളിയിൽ താമസിക്കുന്നവർ അക്കാലയളവിൽ തങ്ങൾ വിവാഹം നടത്തിയിട്ടില്ലെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം (Free State Certificate) അവർ താമസിച്ച സ്ഥലത്തെ വികാരിയിൽ നിന്ന് വാങ്ങിച്ച് ഹാജരാക്കണം. 1.2. താമസിച്ച സ്ഥലത്ത് വൈദികരില്ലെങ്കിൽ വിശ്വാസ്യതയുള്ള ഒരധികാരിയുടെ സാക്ഷ്യപത്രം മതിയാകും.

**2) വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്:** 2.1. നമ്മുടെ ഏതെങ്കിലും രൂപതയോ വിവാഹാർത്ഥി അംഗമായിട്ടുള്ളതും കത്തോലിക്കാസഭയുമായി ധാരണയിലുള്ളതുമായ സഭകൾ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനമോ നടത്തുന്ന വിവാഹത്തിനൊരുക്കമായുള്ള കോഴ്സിൽ പങ്കെടുത്ത് വിവാഹത്തിനൊരുങ്ങിയിട്ടുണ്ടെന്ന സാക്ഷ്യപത്രം വിവാഹാർത്ഥികൾ ഹാജരാക്കേണ്ടതാണ്. 2.2. കേരളത്തിനു പുറത്തും വിദേശത്തും നടത്തുന്ന വിവാഹകോഴ്സുകളിൽ കെ.സി.ബി.സി. അംഗീകരിച്ച സിലബസ് ഇല്ലാത്തവയും കോഴ്സ് ദിവസങ്ങൾ കുറവായവയുമായ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാൻ പാടുള്ളതല്ല.

**3) വിവാഹവാഗ്ദാനം:** 3.1. നമ്മുടെ സഭയിലെ ഒരു പ്രാചീന പതിവെന്ന നിലയിൽ വിവാഹവാഗ്ദാനച്ചടങ്ങ് പ്രോത്സാഹിപ്പിക്കപ്പെടണം. 3.2. വിവാഹാർത്ഥികൾക്ക് പരസ്പരം പരിചയപ്പെടാനും മനസ്സിലാക്കാനും വിവാഹവാഗ്ദാനം അവസരം നല്കുന്നുണ്ട്. 3.3. വിവാഹവാഗ്ദാനം പല കുടുംബങ്ങൾക്കും സാമ്പത്തികഭാരമായി തീരുന്നതുകൊണ്ടു കഴിയുന്നതും ലളിതമായി വിവാഹവാഗ്ദാനം നടത്തേണ്ടതാണ്. 3.4. സ്വയാധികാര സഭകളുടെ *(Sui iuris Churches)* നിയമങ്ങൾക്കനുസൃതമായി പ്രത്യേക സാഹചര്യങ്ങളിൽ വിവാഹവാഗ്ദാനം കൂടാതെ വിവാഹം നടത്താൻ അനുവദിക്കാവുന്നതാണ്.

**4) വിളിച്ചുചൊല്ലൽ:** 4.1. നമ്മുടെ സഭയിൽ വിവാഹകാര്യം പരസ്യപ്പെടുത്താനുള്ള പരമ്പരാഗത മാർഗമാണ് വിളിച്ചുചൊല്ലൽ. ഇത് വിവാഹവാഗ്ദാനത്തോട് സാരാംശപരമായി ബന്ധപ്പെട്ട കാര്യമല്ല. 4.2. വിവാഹം കഴിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യാനും വിവാഹ നടത്തിപ്പിൽ അപാകതയുണ്ടെങ്കിൽ അവ സഭാധികാരികളുടെ ശ്രദ്ധയിൽ പെടുത്താനുമാണ് വിവാഹം വിളിച്ച് ചെല്ലുന്നത്. 4.3. അതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലൽ ഉറപ്പാക്കുന്നതിനുവേണ്ടി വിവാഹവാഗ്ദാനത്തിനു മുൻപേ വിളിച്ചുചൊല്ലൽ തുടങ്ങാവുന്നതാണ്. 4.4. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്തുന്നതിന് വിവാഹാർത്ഥികൾ ഇരുവരും അവരിൽ ഒരാളുടെ ഫൊറോനാ വികാരിക്ക് അവരുടെ മാതാപിതാക്കളുടെയും വികാരിയുടെയും ശിപാർശയോടെ രേഖാമൂലം അപേക്ഷിക്കണം. 4.5. ഫൊറോനാ വികാരിയാണ് വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്താൻ അനുവാദം നല്കേണ്ടത്. 4.6. ഫൊറോന വികാരി നല്കുന്ന തീരുമാനത്തിന്റെ പകർപ്പ് വധുവിന്റെയും വരന്റെയും വികാരിമാർക്ക് നല്കേണ്ടതും കക്ഷികളിൽ ഒരാളുടെ ഫൊറോന വികാരി കൈക്കൊള്ളുന്ന തീരുമാനം ആദരിക്കപ്പെടേണ്ടതുമാണ്. 4.7. വിവാഹവാഗ്ദാനത്തിന് മുമ്പ് വിവാഹം വിളിച്ചു ചൊല്ലാൻ അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് ഒരാഴ്ചമുമ്പെങ്കിലും വിവാഹവാഗ്ദാനം നടത്തിയിരിക്കണം. 4.8. വിവാഹം വിളിച്ചുചൊല്ലുന്ന അന്നു തന്നെ വിവാഹം ആശീർവദിക്കപ്പെടാൻ പാടുള്ളതല്ല. 4.9. വിവാഹം ഇടവകയിൽ വിളിച്ചുചൊല്ലുമ്പോൾ വിവാഹാർത്ഥികൾക്കായി പ്രാർത്ഥിക്കാൻ ഇടവകാംഗങ്ങളോട് അഭ്യർത്ഥിക്കണം.

**5) വിളിച്ചുചൊല്ലൽ കുറവു ചെയ്യൽ:** 5.1. വിവാഹവാഗ്ദാനത്തിനു മുൻപ് വിളിച്ചുചൊല്ലൽ നടത്താമെന്നതുകൊണ്ട് മൂന്നു വിളിച്ചുചൊല്ലലിന്റെ സംഖ്യ കുറയ്ക്കാൻ ഇടവരരുത്. 5.2. വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ, ഓരോ രൂപതയിലെയും നിലനിൽക്കുന്ന നിയമമനുസരിച്ച്, ഫൊറോനാ വികാരിക്കോ വികാരിക്കോ ഒരു വിളിച്ചുചൊല്ലൽ കുറയ്ക്കാവുന്നതാണ്. 5.3. ഒരു വിളിച്ചുചൊല്ലൽ മാത്രം നടത്തി വിവാഹം ആശീർവദിക്കുന്നത് പ്രത്യേക സാഹചര്യത്തിൽ രൂപതാ കാര്യാലയം വഴിയേ പാടുള്ളൂ. 5.4. അതിലേയ്ക്കായി അതാതുരൂപതകൾ നിശ്ചയിച്ചിരിക്കുന്ന കീഴ്വഴക്കങ്ങൾ പാലിക്കുകയും വേണം.

**6) ഞായറാഴ്ചകളിലെ വിവാഹാശീർവാദം:** 6.1. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കപ്പെടണം. മതബോധനക്ലാസ്സുകൾക്ക് പ്രത്യേക പ്രാധാന്യം നൽകണം. 6.2. ഞായറാഴ്ചകളിലെ വിവാഹ ആശീർവാദം

വിശ്വാസപരിശീലനത്തിന് തടസ്സം സൃഷ്ടിക്കാത്ത വിധത്തിലായിരിക്കണം. 6.3. ഞായറാഴ്ചയുള്ള വിവാഹ ആശിർവാദം, വിവാഹം നടക്കുന്ന കുടുംബത്തിലെയും അവരുടെ അടുത്ത ബന്ധുക്കളായ കുട്ടികളുടെയും വിശ്വാസപരിശീലനത്തിന് തടസ്സമാകാൻ സാധ്യതയുള്ളതുകൊണ്ട് ഞായറാഴ്ചയുള്ള വിവാഹ ആശീർവാദം കഴിയുന്നതും പ്രോത്സാഹിപ്പിക്കരുത്.

**7) ആഗമനകാലത്തെ വിവാഹാശീർവാദം:** 7.1. ആഗമനകാലത്തിന്റെ ചൈതന്യം സൂക്ഷിച്ചുകൊണ്ട് വ്യക്തിഗതസഭകളുടെ നിയമങ്ങൾക്കനുസൃതമായി വിവാഹം ആശീർവദിക്കാം. 7.2. ആഗമനകാലത്തെ വിവാഹ ആശീർവാദത്തിന് സ്വയാധികാര സഭകളുടെ നിയമങ്ങൾ പാലിക്കപ്പെടണം.

**8) വലിയ നോമ്പുകാലത്തെ വിവാഹാശീർവാദം:** 8.1. വലിയ നോമ്പുകാലത്ത് വിവാഹാശീർവാദം നടത്താതിരിക്കുന്നതാണ് ഉത്തമം. 8.2. അത്യാവശ്യസാഹചര്യങ്ങളിൽ വിവാഹാശീർവാദത്തിന് അനുവാദം നല്കാൻ രൂപതാ കാര്യാലയത്തിന് അധികാരമുണ്ടായിരിക്കും. 8.3. ഓരോ സ്വയാധികാരസഭയുടെയും നിയമങ്ങളെയും ആചാരങ്ങളെയും മാനിച്ചുകൊണ്ടായിരിക്കണം വലിയ നോയമ്പുകാലത്തെ വിവാഹ ആശീർവാദം നടത്തേണ്ടത്.

**9) ആചാരങ്ങളുടെ വ്യത്യസ്തത:** 9.1. വിവാഹാർത്ഥിയുടെയും വിവാഹാർത്ഥിനിയുടെയും രൂപതകളിൽ വ്യത്യസ്ത ആചാരങ്ങളാണുള്ളതെങ്കിൽ, വിവാഹം ആശീർവദിക്കപ്പെടുന്ന രൂപതയുടെ ആചാരങ്ങൾക്ക് മുൻഗണന നല്കണം.

**10) വിവാഹ ആശീർവാദത്തിലെ ലാളിത്യം:** 10.1. വിവാഹത്തോടനുബന്ധിച്ച് വൻതോതിലുള്ള ആഡംബരവും ധൂർത്തും, മദ്യപാനം പോലും, ഉണ്ടാകുന്നത് ക്രിസ്തീയവിശ്വാസത്തിനു ചേർന്നതല്ല. 10.2. വിവാഹാഘോഷത്തിൽ മിതത്വം പാലിക്കാൻ എല്ലാവരും തയ്യാറാകണം. ഇതിലേയ്ക്കായി ജനങ്ങളെ ബോധവത്കരിക്കണം. 10.3. കടം വാങ്ങിച്ചുപോലും വിവാഹം ആഘോഷിച്ച് പാപ്പരാകുന്നവർ സമൂഹത്തിൽ കൂടിവരുന്നു. വിവാഹം ആഘോഷമാക്കി മാറ്റുന്നത് ധാർമ്മികമായി തെറ്റാണ്. 10.4. സമ്പന്നർ തങ്ങളുടെ വിവാഹാവസരത്തിൽ വിവാഹം കഴിക്കാൻ സാമ്പത്തിക പരാധീനതയുള്ളവർക്ക് സഹായം ചെയ്യാൻ തയ്യാറാകണം. 10.5. സ്ത്രീധനം വാങ്ങിക്കുന്നതും കൊടുക്കുന്നതും ഭാരതത്തിലെ നിയമപ്രകാരം ശിക്ഷാർഹമാണ്. ഇതേക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കണം. 10.6. മനസ്സമ്മതം വിവാഹം പോലെ വൻതോതിൽ ആഘോഷിക്കുന്നത് നിരുത്സാഹപ്പെടുത്തണം.

**11) വിവാഹരജിസ്ട്രേഷൻ:** 11.1. വിവാഹം നടന്നു കഴിഞ്ഞാൽ ബന്ധപ്പെട്ട കക്ഷികൾ വിവാഹരേഖകൾ വികാരിയച്ചനിൽ നിന്ന് വാങ്ങി സർക്കാർ നിയമാനുസൃതമായ രജിസ്ട്രേഷൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തേണ്ടതാണ്.

**12) വിവാഹനിർദ്ദേശങ്ങളിൽ തീർപ്പുകൽപ്പിക്കൽ:** 12.1. ഓരോ സ്വയാധികാര സഭയിലെയും നിയമങ്ങളും ചട്ടങ്ങളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ആദരിക്കപ്പെടേണ്ടതാണ്. 11.2. പ്രത്യേക സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ രൂപതാ കാര്യാലയങ്ങൾക്ക് പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.